# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.439

## 29-05-2019 ൽ മറുപടിക്ക്

## മസാല ബോണ്ട്

| ചോദ്യം<br>ശ്രീ. അനൂപ് ജേക്കബ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാന സർക്കാർ മസാല ബോണ്ട് പുറപ്പെടുവിക്കാൻ തീരുമാനിക്കുന്നതിന് മുൻപ് മന്ത്രിസഭയുടെയോ നിയമസഭയുടെയോ അനുമതി നേടിയിരുന്നോ എന്ന് വ്യക്തമാക്കുമോ; | കേരള നിയമസഭാ ഐകകണ്ഠേന അംഗീകരിച്ച കിഫ് ആക്ട് 2016 ലെ വകുപ്പുകൾ പ്രകാരം കിഫ് ബോർഡിന് സർക്കാരിന്റെ മുൻകൂർ അംഗീകാരത്തോടെ സെബി ആർബിഐ എന്നീ ഏജൻസികൾ അംഗീകരിച്ച ഏതൊരു ധനസമാഹരണ ഉപാധിയിലൂടെയും നിക്ഷേപങ്ങൾ സ്വീകരിക്കാം. ഇപ്രകാരം സർക്കാരിന്റെയും കിഫ് ബോർഡിന്റെയും റിസർവ്വ് ബാങ്കിന്റെയും മുൻകൂർ അംഗീകാരത്തോടെയാണ് കിഫ്ബി മസാല ബോണ്ട് വഴിയുള്ള ധനസമാഹരണം നടത്തിയത്. |
| (ബി) മസാല ബോണ്ടിന് നൽകേണ്ട പലിശ സംബന്ധിച്ച് ഏതൊക്കെ തലങ്ങളിൽ എന്തൊക്കെ ചർച്ചകൾ ഏതെല്ലാം ദിവസങ്ങളിൽ എവിടെയെല്ലാം വച്ച് നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; | നിലവിലെ വ്യവസ്ഥകൾ പ്രകാരം അന്താരാഷ്ട്ര വിപണിയിലെ പ്രാമാണിക രീതികൾ അടിസ്ഥാനമാക്കിയാണ് പലിശനിരക്ക് നിശ്ചയിക്കപ്പെടുന്നത്. വ്യാപകമായ പ്രചാരണം ഉറപ്പുവരുത്തിയാണ് 2018 സെപ്റ്റംബർ 19-ാം തീയതി ലണ്ടൻ, സിംഗപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ കിഫ്ബി മസാല ബോണ്ട് ലിസ്റ്റ് ചെയ്യപ്പെട്ടത്. ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യു ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി മീറ്റിംഗ് നടത്തിയിരുന്നു. സിംഗപ്പൂരിലും ഹോംങ്കോങ്ങിലും ലണ്ടനിലും ദുബായിലും വച്ച് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിലുള്ള കിഫ്ബിയുടെ ഉന്നതതല സംഘം നിക്ഷേപകരുമായി നടത്തിയ നിരവധി കൂടിക്കാഴ്ചകളിൽ ഫലപ്രദമായ ചർച്ചകൾ നടന്നു. ഇത്തരത്തിൽ സുതാര്യമായി നടന്ന പ്രക്രിയകളിലൂടെയാണ് ഇപ്പോൾ കാണുന്ന |

| | |
|---|---|
| | പലിശനിരക്കായ 9.723% ൽ എത്തിച്ചേർന്നത്. |
| (സി) മസാല ബോണ്ട് പുറപ്പെടുവിച്ചത് പ്രൈവറ്റ് ലിസ്റ്റിംഗ് വഴിയാണോ പബ്ലിക് ലിസ്റ്റിംഗ് വഴിയാണോ എന്ന് വിശദമാക്കുമോ; | കിഫ്ബിയുടെ മസാല ബോണ്ട് ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പബ്ലിക് ഇഷ്യൂ ആയിരുന്നു. ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യു ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി മീറ്റിംഗ് നടത്തിയിരുന്നു. ലണ്ടൻ, സിംഗപ്പൂർ, ഹോങ്ങ് കോങ്ങ്, യു എ ഇ എന്നീ രാജ്യങ്ങളിൽ നടന്ന റോഡ്ഷോകളിൽ നിക്ഷേപകരുടെ അഭിപ്രായങ്ങളും, ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമ വ്യവസ്ഥകളും വിലയിരുത്തിയ ശേഷമാണ് ഓഫറിങ് സർക്കുലർ പ്രസിദ്ധീകരിച്ചത്. കനേഡിയൻ നിയമ വ്യവസ്ഥകൾ പ്രകാരം റീട്ടെയിൽ നിക്ഷേപകരിൽ നിന്നും ബോണ്ടുകൾ വഴി പണം സ്വീകരിക്കണമെങ്കിൽ ബന്ധപ്പെട്ട സെക്യൂരിറ്റി റെഗുലേറ്ററിന്റെ അംഗീകാരം തേടിയ ശേഷം പ്രോസ്പെക്ട്സ് പുറപ്പെടുവിക്കേണ്ടതാണ്. ഇത് വളരെ സങ്കീർണ്ണവും കാലതാമസം വരുന്നതുമായ ഒരു നടപടിക്രമമാണ്. ഈ കാലതാമസം ഒഴിവാക്കി ആ രാജ്യത്തിലെ നിക്ഷേപകർക്കും അവസരം കൊടുക്കുന്നതിനായിയാണ് മറ്റു രാജ്യങ്ങളിലെ നിയവവ്യവസ്ഥകൾ ഉൾപ്പെടുത്തിയ പോലെ കാനഡയിലെയും വ്യവസ്ഥകൾ ഉൾപ്പെടുത്തി ഓഫറിങ് സർക്കുലർ പുറപ്പെടുവിച്ചത്. ഇതിൻ പ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് ( FATF ) അംഗീകരിച്ച ലോകത്തിലെ എല്ലാ ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകർക്കും പ്രസ്തുത ബോണ്ടിൽ പങ്കെടുക്കാമായിരുന്നു. |
| (ഡി) മസാല ബോണ്ട് ലിസ്റ്റിംഗ് സംബന്ധിച്ച് പ്രാദേശിക തലത്തിലോ ദേശീയ തലത്തിലോ ആഗോള തലത്തിലോ പരസ്യങ്ങളോ അറിയിപ്പുകളോ നല്കിയിരുന്നോ എന്ന് വ്യക്തമാക്കുമോ; നല്കിയിരുന്നുവെങ്കിൽ ഏതൊക്കെ മാദ്ധ്യമങ്ങൾ വഴിയാണ് നൽകിയത് എന്ന് അറിയിക്കുമോ? | ആഗോള ബോണ്ട് വിപണിയുടെ നടപടിക്രമം പ്രകാരം വിപണനത്തിനായുള്ള ബോണ്ടുകൾ ഏതെങ്കിലും ഒരു സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യുകയാണ് പതിവ്. ഇതുമായി ബന്ധപ്പെട്ട ഓഫറിങ് സർക്കുലറുകളും അവിടെ ലഭ്യമായിരിക്കും. കൂടാതെ ആഗോള ബോണ്ട് വിപണിയിൽ നിക്ഷേപം നടത്തുന്നവർ ആശ്രയിക്കുന്ന നെറ്റ് റോഡ്ഷോ, ബ്ലൂംബെർഗ് ടെർമിനൽ എന്ന പോർട്ടലിലും കിഫ്ബിയുടെ പ്രസ്തുത ബോണ്ടിന്റെ വിവരങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. വിപണിയിലെ പുതുതായി സംഭവിക്കാൻ പോകുന്ന ഇടപാടുവിവരങ്ങൾ |

| | |
|---|---|
| | ലഭിക്കുന്നതിനായി നിക്ഷേപകർ ആഗോളതലത്തിൽ ആശ്രയിക്കുന്ന പോർട്ടലുകളാണിത്. തുടർന്ന് ഇങ്ങനെ ലഭിക്കുന്ന വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി താല്പര്യമുള്ള നിക്ഷേപകർ ബോണ്ടുകൾ വില്പനയ്ക്ക് ലഭ്യമാകുന്ന ദിവസങ്ങളിൽ നിക്ഷേപം നടത്തുകയാണ് രീതി. ആഗോള ബോണ്ട് വിപണിയിലെ യോഗ്യരായ എല്ലാ ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകർക്കും ഇതിന്റെ വിവരങ്ങൾ ലഭ്യമായിരുന്നു. കൂടാതെ ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബിയും ലീഡ് മാനേജേഴ്സായ ബാങ്കുകളും മീറ്റിംഗ് നടത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ